പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3156 — 18.06.2019-ൽ മറുപടിയ്ക്ക്

## കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവരുടെ അനാസ്ഥ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ് :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പ്രളയദുരന്തത്തിൽ ഒട്ടേറെ ജീവനുകൾക്ക് രക്ഷകനായ മത്സ്യത്തൊഴിലാളി പാട്രിക് ഫെർണാണ്ടസിന് കടലിൽ വച്ച് അസുഖം ബാധിച്ചപ്പോൾ കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവരുടെ സഹായം തേടിയിട്ടും അത് ലഭിച്ചില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാദ്ധ്യമങ്ങളിലെ വാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രീ.പാട്രിക് ഫെർണാണ്ടസ് 09/05/2019 വ്യാഴാഴ്ച വൈകുന്നേരം ഏകദേശം 6.30 മണിക്ക് മൂത്ത ജ്യേഷ്ഠനായ ശ്രീ.ബേസിൽ ഫെർണാണ്ടസുമൊത്ത് സ്വന്തം ഫൈബർ വള്ളത്തിൽ കടലിൽ മത്സ്യബന്ധനത്തിനു പോകുകയും കടലിൽ വെച്ച് പക്ഷാഘാതം ഉണ്ടാവുകയും വള്ളത്തിലുണ്ടായിരുന്ന എഞ്ചിനു പുറത്ത് വീഴുകയും ചെയ്തിരുന്നു. രാത്രി ഏകദേശം 9.30-ന് മകനായ പ്രവീൺ അപകട വിവരം അറിയുകയും സമീപവാസിയായ ബാബുസിറിലിന്റെ വള്ളത്തിൽ 3 പേർ പോയി വള്ളത്തോടൊപ്പം പാട്രിക്കിനെ കരയിൽ എത്തിക്കുകയും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.<br>കോസ്റ്റ്ഗാർഡ് കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് ഫിഷറീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് കടൽ രക്ഷാപ്രവർത്തനം സംബന്ധിച്ചോ കടൽ അപകടങ്ങൾ സംബന്ധിച്ചോ വിവരം ലഭിച്ചാൽ അല്പസമയം പോലും വൈകാതെ രക്ഷാപ്രവർത്തനം നടത്തുകയാണ് പതിവ്. |

ഇക്കാര്യം ശ്രദ്ധയിൽ പെട്ട ഉടൻ ശ്രീ.പാട്രിക് ഫെർണാണ്ടസിന്റെ മൊബൈൽ ഫോണിലേയ്ക്ക് ഉടനടി ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ലഭിച്ചില്ല. തുടർന്ന് ടിയാന്റെ ഭാര്യയുടെ മൊബൈൽ ഫോണിൽ ബന്ധപ്പെട്ട് മെഡിക്കൽ കോളേജിലെ 1-ാം വാർഡിൽ 36-ാം നമ്പർ കിടക്കയിൽ ചികിത്സയിലാണെന്ന് അറിയിക്കുകയുണ്ടായി. മെഡിക്കൽ കോളേജിൽ ഫലപ്രദമായ ചികിത്സ ലഭിച്ചതായി മനസ്സിലാക്കുന്നു. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട ഫിഷറീസ് സ്റ്റേഷൻ, ഫിഷറീസ് ഓഫീസർ, മത്സ്യഭവൻ ഓഫീസർ, പോലീസ് സ്റ്റേഷൻ എന്നിവരെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴി ലാളിയോ, സഹപ്രവർത്തകരോ മറ്റു യാനങ്ങളിൽ ഉള്ള മത്സ്യത്തൊഴിലാളിയോ, അറിയിക്കുകയാണ് പതിവ്. എന്നാൽ മത്സ്യബോർഡിന്റെ പുത്തൻതോപ്പ് ഫിഷറീസ് ഓഫീസിലോ, മേഖലാ ഓഫീസിലോ ഇക്കാര്യം ആരും തന്നെ അറിയിച്ചിരുന്നില്ല.

. മത്സ്യബോർഡിന്റെ തിരുവനന്തപുരം റീജിയണൽ എക്സിക്യൂട്ടീവ് 14/05/2019-ൽ ആശുപത്രിയിലെത്തി ടിയാനെ കാണുകയും അദ്ദേഹത്തിന്റെ ആവശ്യങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറും അന്നേ ദിവസം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തി ശ്രീ. പാട്രിക്കിനെ കണ്ട് വിവരങ്ങൾ തിരക്കിയിരുന്നു. ശ്രീ. പാട്രിക്കിന് ഇൻട്രാസെറിബ്രൽ ഹെമറേജ് ആണെന്നാണ് മെഡിക്കൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ അപകടം മൂലമുള്ള ആശുപത്രി ചികിത്സയ്ക്കാണ് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കുന്നത്. എന്നിരുന്നാലും ശ്രീ.പാട്രിക്ക് ഫെർണാണ്ടസിന് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് അപകടം സംബന്ധിച്ച ഇന്റിമേഷൻ 14.05.2019-ന് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. ശ്രീ.പാട്രിക്ക് ഫെർണാണ്ടസിന്റെ മകനായ പ്രവീണിന്, ക്ലെയിം അപേക്ഷാഫോം

| | | |
|---|---|---|
| | | പൂരിപ്പിച്ച് ഇൻഷുറൻസ് അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കുന്നതിന് പുത്തൻതോപ്പ് ഫിഷറീസ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ